ടാക്സസ് ഡിപ്പാർട്ടുമെൻറും കൂടി അഞ്ചു സഹകാര്യ ബാങ്കുകാരെ പരിശോധിച്ചു. അപ്പോഴും അവർ എഴുതിവച്ചിരിക്കുന്ന റിക്കാർഡിൽ 12 ശതമാനവും 14 ശതമാനവുമാണ് പലിശ. അതേ കവനികരംതന്നെ മലയാള മനോരമ, മാതൃഭൂമി, ഇൻഡ്യൻ എക്സ്പ്രസ്, ഹിന്ദു തുടങ്ങിയ പത്രങ്ങളിൽ 30+3 ശതമാനം പലിശ കൊടുക്കാമെന്നു പറഞ്ഞ് ഫ്രണ്ട് പേജിൽ പരസ്യം ചെയ്തിട്ടുണ്ട്. അങ്ങനെയുള്ളവരെ യാതൊരു കാരണവശാലും രക്ഷപ്പെടാൻ ഈ ഗവൺമെൻറ് അനുവദിക്കുകയില്ല എന്നുള്ളതു ശക്തിയായി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതുപോലെ ശ്രീ. എം. വി. മാണി പറഞ്ഞ ഒരു സാമൂഹ്യ പശ്നം ഇതിൻെറ പിന്നിലുണ്ട്. ഞാൻ റിസർവ് ബാങ്ക് ഗവർണ്ണറുമായി ഈ കാര്യങ്ങളെക്കുറിച്ച് സംസാരിച്ചു. നാഷണൽ ബാങ്കുകളിലും കൊമേഴ്സ്യൽ ബാങ്കുകളിലും ജനങ്ങൾക്കു ബുദ്ധിമുട്ടില്ലാത്ത രീതിയിൽ അവർക്ക് വായ്പ കൊടുക്കാനുള്ള നയത്തിൽ അടിസ്ഥാനപരമായ മാറ്റം ഉണ്ടാകണം. ഞാൻ പ്രവർത്തിക്കുന്ന സഹകരണ മേഖലയോട് ഇത് ആവശ്യപ്പെട്ടിട്ടുണ്ട്. 1600 സർവ്വീസ് സഹകരണ ബാങ്കുകളും അർബൻ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കിൻെറ 265 ശാഖകളും സ്വർണ്ണപണയമടക്കമുള്ള വായ്പയിൽ കാര്യമായ മാറ്റം വരുത്താനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഈ സഹകാര്യബാങ്കിംഗ് വ്യവസായികളോട് ഗവൺമെൻറ് ആവശ്യപ്പെടുന്നത് യാതൊരുകാരണവശാലും നിയമവിരുദ്ധമായി പ്രവർത്തിച്ചുകൊണ്ട് ഈ സംസ്ഥാനത്ത് വ്യവസായം നടത്തരുതെന്നാണ്. അതിനുവേണ്ടി കർശനമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

(8) വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടേയും സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇന്നേ ദിവസം കേരളത്തിലെ വിദ്യാർത്ഥികളും രക്ഷാകർത്താക്കളും ഈ സെക്രട്ടേറിയറിലേക്ക് മാർച്ച് ചെയ്യുകയാണ്. അവരുടെ മുഖ്യമായ ആവശ്യങ്ങൾ പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരത്തെതുടർന്ന് വിദ്യാർത്ഥികളുടെ പേരിൽ എടുത്തിട്ടുള്ള സത്യസന്ധമല്ലാത്ത എല്ലാ ക്രിമിനൽകേസുകളും പിൻവലിക്കുക, അതുപോലെ കേരളാ യൂണിവേഴ്സിറ്റി പ്രസിദ്ധപ്പെടുത്തിയ പ്രീഡിഗ്രി പരീക്ഷാഫലം റദ്ദാക്കുക എന്നിവയാണ്. ആദ്യത്തെ പരീക്ഷാഫലത്തിൽ തോറ്റവർ, രണ്ടാമത്തെ പരീക്ഷാഫലത്തിൽ ജയിച്ചു. തോറ്റവർ ഒന്നാം ക്ലാസിൽ ജയിച്ചു. ഇങ്ങനെ അത്ഭുതകരമായിട്ടുള്ള ഒരു പരീക്ഷാഫലമാണ് കേരള യൂണിവേഴ്സിറ്റിയും ഗാന്ധിജി യൂണിവേഴ്സിറ്റിയും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. അത് റദ്ദാക്കുക, വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും പേരിൽ എടുത്തിട്ടുള്ള പ്രതികാര നടപടികൾ അവസാനിപ്പിക്കുക. അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ അന്യായമായ സ്ഥലമാറ്റം റദ്ദാക്കുക എന്നീ ആവശ്യങ്ങൾ മുൻനിറുത്തിയാണ് സെക്രട്ടേറിയറ്റ് മാർച്ച് ഇന്ന് നടക്കുന്നത്. ഈ ഗവൺമെൻറ് ഇതേവരെ നേരത്തെ സമര സമിതിയുമായി എടുത്ത തീരുമാനം നടപ്പിലാക്കിയിട്ടില്ല. അതുപോലെ വിദ്യാർത്ഥികളുമായി നടത്തിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടില്ല. മാത്രവുമല്ല കേരള യൂണിവേഴ്സിറ്റിയുടെ സസ്പെൻഡ് ചെയ്ത സിൻഡിക്കേറ്റിനെ തിരിച്ചെടുത്തിട്ടില്ല. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള നിരവധി ആവശ്യങ്ങൾ മുൻനിറുത്തിയാണ് വിദ്യാർത്ഥികളും രക്ഷാകർത്താക്കളും ഈ സെക്രട്ടറിയറ്റിന്റെ മുമ്പിൽ മാർച്ച് ചെയ്ത് വന്നിരിക്കുന്നത്. അതിഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകയും അടിയന്തിരമായി വിദ്യാർത്ഥികളുടെ പേരിലുള്ള കേസുകൾ പിൻവലിച്ച് പ്രീഡിഗ്രി പരീക്ഷാഫലം റദ്ദുചെയ്ത് അത് വീണ്ടും നടത്താനുള്ള നടപടികൾ എടുക്കുകയും ചെയ്യണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ. ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളിൽ ഏതെങ്കിലും വിധത്തിൽ പ്രതികാര നടപടിയുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെടുത്തിയാൽ അത് അന്വേഷിച്ച് അതിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന നടപടികൾ സ്വീകരിക്കാൻ സന്നദ്ധമാണ്. വളരെ ബുദ്ധിമുട്ടി പ്രസിദ്ധപ്പെടുത്തിയ പ്രീഡിഗ്രി റിസൾട്ട് റദ്ദ് ചെയ്യുകയില്ലെന്ന് ഞാൻ ഉറപ്പ് നൽകുകയാണ്. അതിൽ ബാക്കിയുള്ള നടപടികൾ പൂർത്തിയാക്കും. കേസുകൾ പിൻവലിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അക്രമസ്വഭാവമുള്ള കേസുകൾ പിൻവലിക്കുകയില്ലെന്ന് ആദ്യമേ പറഞ്ഞിട്ടുള്ളതാണ്. പൊതുമുതൽ നശിപ്പിക്കുക, ട്രാൻസ്പോർട്ട് ബസ് കത്തിക്കുക തുടങ്ങിയ കേസുകൾ ഒഴിച്ച് ബാക്കി എല്ലാ കേസുകളും പിൻവലിക്കാം. ബാക്കി പ്രശ്നങ്ങൾ എന്താണെന്ന് അറിയിച്ചാൽ അതിനെക്കുറിച്ച് അന്വേഷിക്കുകയും ചെയ്യാം.

(9) അനാഥാലയങ്ങൾക്ക് നൽകുന്ന ഗ്രാൻറ്

ശ്രീ. പി. സീതിഹാജി: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതി സർക്കാരിന്റെ മുമ്പിൽ ഉണർത്തിക്കാനുണ്ട്. ഈ സംസ്ഥാനത്തെ അനാഥാലയങ്ങളിലുള്ള കുട്ടികൾക്ക് നമ്മുടെ സർക്കാർ 60 രൂപയാണ് ഗ്രാൻറ് കൊടുക്കുന്നത്. ഇപ്പോൾ ഗവൺമെന്റ് ഒരു ഉത്തരവ് 16-9-1985 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. 130 രൂപയിലധികം ഒരു മാസത്തിൽ ഒരു കുട്ടിക്കുവേണ്ടി ചിലവാക്കിയാൽ അവരുടെ ഗ്രാൻറ് കുറക്കുമെന്ന് പറഞ്ഞുകൊണ്ട്. മനസ്സിലാക്കാൻ കഴിയാത്ത ഒരു കാര്യമാണ് ഇത്. 130 രൂപകൊണ്ട് ഒരു കുട്ടി എങ്ങനെ ജീവിക്കും. അനാഥാലയത്തിലെ ഒരു കുട്ടിക്ക് ഒരു കൊല്ലത്തിൽ ചുരുങ്ങിയത് ആറ് ജോഡി ഡ്രസ് എങ്കിലും കൊടുക്കണം. ഭക്ഷണം, ചികിത്സ പാഠപുസ്തകങ്ങൾ ഇവയ്ക്കെല്ലാം കൂടി 130 രൂപയിലധികം ചെലവാക്കിയാൽ ഗ്രാൻറ് കിട്ടുകയില്ല. ആ കുട്ടികളെ നമ്മുടെ കുട്ടികളെപ്പോലെ മനുഷ്യരാക്കികൊണ്ട് വരുന്നതിനുവേണ്ടി ഈ രാജ്യത്ത് ശ്രമിക്കുന്ന സന്നദ്ധ സംഘടനകളെ ഇങ്ങനെ വീർപ്പുമുട്ടിക്കുന്ന ഒരു സ്ഥിതിയിലേക്ക് ഗവൺമെന്റ് എന്തിനാണ് പോയതെന്ന് അറിയില്ല. അതിന് ഒരു കാരണം പറയുന്നത് ഫോറിൻ എയ്ഡ് കിട്ടുമെന്നാണ്. ഫോറിൻ ഗവൺമെന്റിന്റെ എയിഡ് വാങ്ങിക്കുകയാണെങ്കിൽ മനസ്സിലാക്കാം. നമ്മുടെ രാജ്യത്തുനിന്ന് ലക്ഷക്കണക്കിനാളുകൾ ഗൾഫ് രാജ്യങ്ങളിലും മറ്റു രാജ്യങ്ങളിലും പോയി ജോലി ചെയ്യുന്നുണ്ട്. അവർ അവർക്കു കിട്ടുന്ന വേതനത്തിൽ നിന്ന് ഒരു ചെറിയ ഭാഗം ഈ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുത്താൽ അതും ഫോറിൻമണിയാണ്, അതുകൊണ്ട് ഗ്രാൻറ് കൊടുക്കാൻ പാടില്ല എന്ന് പറയുന്നത് ശരിയല്ല. ഈ കുട്ടികൾക്ക് രണ്ടു രൂപ വീതമാണ് ഗവൺമെന്റ് കൊടുക്കുന്നത്. 100 കുട്ടികൾ ഉണ്ടെങ്കിൽ അനുപാതം

LIBRARY ARCHIVES Kerala Legislative Assembly